# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജൂൺ 22 | ദീപം 56 | നാളം 16 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# അവസാനമില്ലാത്ത യുദ്ധം!

## റഷ്യ – യുക്രെയ്ൻ സംഘർഷം പുതിയ വഴിത്തിരിവിൽ






തോമസ് കുഴിഞ്ഞാലിൽ


ജൂൺ 24-ാം തീയതി പതിനാറു മാസം പൂർത്തിയാകുന്ന റഷ്യ-യുക്രെയ്ൻ സംഘർഷം പുതിയ വഴിത്തിരിവിൽ എത്തിയിരിക്കുകയാണ്. തെക്കൻ യുക്രെയ്നിലെ കഖോവ്ക എന്ന ഭീമൻ അണക്കെട്ടു തകർന്ന് ഡസൻ കണക്കിനു ഗ്രാമങ്ങളും ഡ്നിപ്രോ നദീതീരത്തുള്ള ഏതാനും പട്ടണങ്ങളും വെള്ളത്തിനടിയിലായി. യുദ്ധത്തിൽ ശത്രുരാജ്യത്തെ അടിയറവു പറയിക്കാൻ അണക്കെട്ടുകൾ തകർത്ത് അവിടത്തെ ജനങ്ങളെ ദുരിതത്തിലാക്കുന്ന പുതിയ യുദ്ധതന്ത്രമാണോ ഇവിടെ സംഭവിച്ചിരിക്കുന്നതെന്ന ചോദ്യം ബാക്കിയാകുന്നു.

യുക്രെയ്നിൽനിന്ന് റഷ്യ പിടിച്ചെടുത്ത മേഖലയിലാണ് ലോകത്തെ ഏറ്റവും നീളംകൂടിയ അണക്കെട്ടുകളിലൊന്നായ കഖോവ്ക സ്ഥിതി ചെയ്യുന്നത്. 3,300 കിലോമീറ്റർ ദൈർഘ്യമുള്ള അണക്കെട്ടു തടഞ്ഞുനിർത്തിയിരിക്കുന്ന വെള്ളം 2,000 ചതുരശ്രകിലോമീറ്റർ വിസ്തീർണമുള്ള തടാകത്തിനാണു രൂപംകൊടുത്തിരുന്നത്. അണക്കെട്ടു തകർന്നതോടെ ഇരുപതോളം ഗ്രാമങ്ങളും നിക്കോപോൾ, പൊക്രോവ് തുടങ്ങിയ പട്ടണങ്ങളും ഖെഴ്സൺ നഗരവും വെള്ളത്തിൽ മുങ്ങി. പല പ്രദേശങ്ങളിലും അഞ്ചുമീറ്റർവരെ ജലം ഉയർന്നുവെന്നും വരുംദിവസങ്ങളിൽ ഒരു മീറ്റർകൂടി ഉയർന്നേക്കുമെന്നും മുന്നറിയിപ്പുണ്ട്.

ഗ്രാമങ്ങളിലും പട്ടണങ്ങളിലുമുള്ള ആയിരക്കണക്കിനു വീടുകൾ വെള്ളത്തിനടിയിലായതായാണു വാർത്ത. പ്രളയജലം കണ്ടു ഭയന്നോടിയ ജനങ്ങൾ കുട്ടികളെയും തോളിലേറ്റി കിട്ടാവുന്ന സാധനങ്ങൾ കൈയിലെടുത്തു വളർത്തുമൃഗങ്ങളുമായി ബസുകളിലും ട്രെയിനുകളിലും കയറി നാടുവിട്ടുകൊണ്ടിരിക്കുന്നതായും വാർത്തയുണ്ട്. വീടുകളുടെ മേൽക്കൂരകളിൽ കയറി രാത്രി മുഴുവൻ ചെലവഴിച്ചവരുമുണ്ട്.

ഇക്കഴിഞ്ഞ 6-ാം തീയതി ചൊവ്വാഴ്ച രാത്രി 2.50 ന് റഷ്യൻപട്ടാളമാണ് ബോംബുവച്ച് അണക്കെട്ടു തകർത്തതെന്ന് യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി കുറ്റപ്പെടുത്തി. എന്നാൽ, തങ്ങൾ പിടിച്ചെടുത്ത മേഖലകളിലും, 2014 ൽ കൈവശപ്പെടുത്തിയ ക്രീമിയ ഉപദ്വീപിലുമുള്ള ജനങ്ങൾക്കു കുടിവെള്ളം തടസ്സപ്പെടുത്തുന്നതിന് യുക്രെയ്നാണ് അണക്കെട്ടു തകർത്തതിനു പിന്നിലെന്ന് റഷ്യയും ആരോപണമുയർത്തുന്നു. അണക്കെട്ടു തകർന്നതിന്റെ ഉത്തരവാദിത്വം സംബന്ധിച്ച് ഇരുരാജ്യങ്ങളും പരസ്പരം പഴിചാരുമ്പോൾ 68 വർഷം പഴക്കമുള്ള ഡാം, ജലത്തിന്റെ അതിസമ്മർദംമൂലമാകാം തകർന്നതെന്ന് അഭിപ്രായപ്പെടുന്ന സാങ്കേതികവിദഗ്ധരുമുണ്ട്. അണക്കെട്ടിലുള്ള ചോർച്ചകളിലൂടെ വെള്ളം ഒലിച്ചിറങ്ങുന്നത് തങ്ങൾ കണ്ടിട്ടുണ്ടെന്നും, ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെന്നും തദ്ദേശീയർ പറയുന്നു. കാലാവസ്ഥാവ്യതിയാനംമൂലം താപനിലയിലുണ്ടായ വർധനയിൽ മഞ്ഞുരുകിയതും കഴിഞ്ഞ മാസം പെയ്ത കനത്ത മഴയിൽ പ്രളയജലം ഒഴുകിയെത്തിയതും ദുരന്തം ഇരട്ടിക്കാൻ കാരണമായി. ഡാം തകരുമ്പോൾ ജലനിരപ്പ് ഏറ്റവും ഉയർന്ന നിലയിലായിരുന്നുവെന്നും ദൃക്സാക്ഷികൾ വെളിപ്പെടുത്തിയിട്ടുണ്ട്.


▶12


# മലയാളത്തിന്റെ മധുരപ്രതീക്ഷകൾ




ഡോ. സ്മിത കെ. നായർ


കേരളത്തിലെ ആധുനികവിദ്യാഭ്യാസസമ്പ്രദായം വിദേശികളുടെ സംഭാവനയാണ്. മിഷണറിമാരാണ് വ്യവസ്ഥാപിതമായ വിദ്യാഭ്യാസ സമ്പ്രദായത്തെ നാട്ടിൽ ഊട്ടിയുറപ്പിച്ചത്. സ്ത്രീവിദ്യാഭ്യാസവും ജാത്യതീതവിദ്യാഭ്യാസവുമെല്ലാം മിഷണറിമാരാണ് നമുക്കു പകർന്നു നല്കിയത്. സ്വാതന്ത്ര്യാനന്തരം ബ്രിട്ടീഷുകാർ ഇന്ത്യവിട്ടു പോയെങ്കിലും അവർ സൃഷ്ടിച്ച വിദ്യാഭ്യാസസമ്പ്രദായത്തോടൊപ്പം അവരുടെ ഭാഷയും ഇവിടെ വേരൂന്നി. ആഗോളവത്കരണം സ്കൂളുകളിൽ ഇംഗ്ലീഷിന് ആഗോളഭാഷ എന്ന നിലയിൽ കൂടുതൽ പ്രാധാന്യം നേടിക്കൊടുത്തു. ശാസ്ത്രസാങ്കേതികരംഗത്തും ഭരണരംഗത്തും മലയാളഭാഷയ്ക്കു വേണ്ടത്ര വികാസം നേടാൻ കഴിയാത്തതുകൊണ്ടുതന്നെ വിജ്ഞാനം ഇംഗ്ലീഷ്ഭാഷയുടേതായി മാറി. അന്തസ്സുള്ള തൊഴിൽ ലഭിക്കാനും ഉന്നതവിദ്യാഭ്യാസത്തിനുമെല്ലാം ഇംഗ്ലീഷ് കൂടിയേ തീരൂ എന്ന ധാരണ ജനങ്ങളിൽ ഇംഗ്ലീഷിനോടുള്ള അഭിനിവേശം വളർത്തി.

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പത്താംതരംവരെ മൂന്നു പിരിയഡ് നിർബന്ധമായും മലയാളം പഠിച്ചിരിക്കണമെന്ന് മലയാളം ഒന്നാം ഭാഷാ നിർബന്ധിത ഉത്തരവ് 2011 മേയ് 6 ന് നിലവിൽവന്നു. സാധാരണ ക്ലാസ്സ് സമയത്തിനുമുമ്പോ ശേഷമോ മലയാളത്തിന് ഈ അധികപിരീഡുകൾ കണ്ടെത്തി പഠിപ്പിക്കാം, മാത്രമല്ല, ഇതിനായി യാതൊരുവിധ ധനബാധ്യതയും സർക്കാർ ഏറ്റെടുക്കുകയുമില്ല എന്ന് മറ്റൊരു ഉത്തരവും ഇതോടൊപ്പം സർക്കാരിൽനിന്ന് ഇറങ്ങി. ഇതു നടപ്പാകാത്തതിനെത്തുടർന്ന് എല്ലാ പിരീയഡുകളിൽനിന്നും അഞ്ചു മിനിറ്റു വീതം ശേഖരിച്ച് ഒരു പിരിയഡുണ്ടാക്കി മലയാളം പഠിപ്പിക്കണമെന്ന് മറ്റൊരു ഉത്തരവ് ആ വർഷം ഉണ്ടായി.


▶8





മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 56–ാം വർഷം

# ചരിത്രപാഠങ്ങൾ ചീന്തിയെറിയുമ്പോൾ



രാഹുൽ ഗോപിനാഥ്

ഒരു സമൂഹത്തിന് ഒന്നടങ്കം മറവി ബാധിക്കാതെ ചരിത്രം മായ്ക്കാനുള്ള ശ്രമങ്ങൾ വിലപ്പോകില്ല. പക്ഷേ, അതിനുള്ള ശ്രമങ്ങൾ ഇന്നു തുടങ്ങിയാൽ കുറച്ചു പതിറ്റാണ്ടുകൾക്കപ്പുറം അതു സാധ്യമാകും. ആ ശുഭാപ്തിവിശ്വാസമാണ് എൻസിഇആർടിയുടെ ചരിത്രംതിരുത്തലിനു പിന്നിൽ. കുട്ടികളുടെ പഠനഭാരം ലഘൂകരിക്കാനെന്ന വിശദീകരണങ്ങൾ തൊടുന്യായങ്ങൾ മാത്രം. മുമ്പേ ചരിത്രം പഠിക്കാൻ ആരംഭിച്ചവർക്ക് എൻസിഇആർടിയുടെ വികൃതികൾ ചേമ്പിലയിൽ വെള്ളം ഒഴിക്കുന്നതുപോലെയേയുള്ളൂ. പക്ഷേ, കുട്ടികളുടെ കാര്യമതല്ല. മുഗളന്മാരെയും ഗ്രീക്കുകാരെയും ഡച്ചുകാരെയും ഒന്നും പഠിക്കാതെ രൂപപ്പെടുന്ന ചരിത്രബോധം ജീവനറ്റതാകും. അരുന്ധതി റോയിയുടെ വാക്കുകളിൽ, ഇന്ത്യയുടെ മുഗൾചരിത്രവും ഇസ്‌ലാമിക സംഭാവനകളും മാറ്റിനിർത്തിയാൽപ്പിന്നെ നമ്മുടെ രാജ്യത്തിന്റെ ചരിത്രം വെറും എരിയുന്ന ചാമ്പലാണ്. താജ്മഹൽ തേജോമഹലാണെന്നു ചിന്തിക്കുന്ന ഒരു ജനതതി ഉണ്ടാകുന്നത് ഇന്ത്യയെന്ന സങ്കല്പത്തിനുതന്നെ എതിരാണ്. പൗരാണിക വേദപാരമ്പര്യങ്ങളുടെ



സ്തന്യം നുകരുന്നതിനും ഇതര ചരിത്രങ്ങളുടെ ശോഭ ആസ്വദിക്കുന്നതിനും കുട്ടികൾക്ക് അവകാശമുണ്ട്. അവരെ അതിന് അനുവദിക്കണം. അല്ലായ്കിൽ കാലത്തെ തിരുത്തുന്നവരോട് കാലംതന്നെ പകരം ചോദിക്കുന്നതു കാണാൻ മന്വന്തരങ്ങൾ കാക്കേണ്ടിവരില്ല!

മനുഷ്യന്റെ വൈജ്ഞാനിക പരിണാമത്തിനു കാരണം മനുഷ്യർ ഭക്ഷണം പാചകം ചെയ്തു കഴിക്കാൻ തുടങ്ങിയതാണെന്നു ലളിതമായി പഠിപ്പിക്കാൻ ശാസ്ത്രത്തിൽ കടുംവെട്ടു വെട്ടുന്ന എൻസിഇആർടിക്ക് ആകില്ല. എൻസിഇആർടിക്കു താത്പര്യം ദശാവതാരം കഥയോടാണെങ്കിൽ പിന്നെ കോഗ്നിറ്റീവ് എവല്യൂഷനെന്നും വൈജ്ഞാനികപരിണാമമെന്നും പറഞ്ഞുചെന്നിട്ടു കാര്യവുമില്ല. ശാസ്ത്രത്തിൽ അടുത്തിടെ പുറത്തിറങ്ങിയ തികച്ചും പ്രശംസനീയമായ പുസ്തകമാണ് ഇസ്രായേൽവംശജനായ ചരിത്രകാരനും ജെറുസലേമിലെ ഹീബ്രു സർവകലാശാല പ്രൊഫസറുമായ യുവാൽ നോഹ ഹരാരിയുടെ സാപിയൻസ്. മനുഷ്യന്റെ പരിണാമത്തിന്റെ നാൾവഴികൾ ആ പുസ്തകത്തിൽ സുദീർഘമായി വിവരിക്കുന്നുണ്ട്. കാട്ടിൽ പച്ചമാംസം ഭക്ഷിച്ചു ജീവിച്ച മനുഷ്യൻ ഭക്ഷണം വേവിച്ചുകഴിക്കാൻ തുടങ്ങിയത് മനുഷ്യന്റെ പുരോഗതിയിലെ നാഴികക്കല്ലാണെന്നാണ് പുസ്തകത്തിൽ വിവരിക്കുന്നത്. അതിന്റെ കാരണവും അതിൽ വിവരിക്കുന്നു.

### കണ്ണടച്ചാൽ ഇരുട്ടാകില്ല

കാട്ടിൽ മാനുകളെമുതൽ മാമത്തുകളെവരെ വേട്ടയാടി ജീവിച്ചിരുന്ന മനുഷ്യനു വെളിപാടുണ്ടായത് മിന്നൽ ഏശിയിട്ടല്ല. വെന്തുരുകിയ മാംസം കഴിച്ച സ്വാദു തേടിയാണ് മനുഷ്യൻ രണ്ടാമത് തീ കത്തിക്കാൻപോലും ഒരുമ്പെട്ടത്. പച്ചമാംസം കഴിച്ചു ജീവിച്ച മനുഷ്യൻ കാട്ടുതീയിൽ വെന്ത മാംസം കഴിച്ചതാണ് അവന്റെ മസ്തിഷ്കപരിണാമത്തിൽ നാഴികക്കല്ലായത്. തീയുണ്ടാക്കാൻ മനുഷ്യന് അതിലും വലിയ കാരണങ്ങൾ വേറേ വേണ്ടിയിരുന്നില്ല. മാംസം വേവിക്കാൻ തീയുണ്ടാക്കിയിടത്തുനിന്ന് ഹവിസ് എരിക്കാൻ യജ്ഞശാല പണിതിടത്തേക്കു മനുഷ്യൻ എത്തിയത് ലക്ഷോപലക്ഷം വർഷങ്ങളുടെ മനസ്ഥലികൾ താണ്ടിയാണ്. മനുഷ്യന്റെ എഴുതപ്പെട്ട ചരിത്രം ആരംഭിക്കുന്നത് ശിലായുഗംമുതൽക്കാണ്; വേദകാലഘട്ടം തൊട്ടല്ലെന്ന് എൻസിആർടി ഓർക്കണം. അതുകൊണ്ട് പരിണാമസിദ്ധാന്തവും ചരിത്രവുമെല്ലാം തിരുത്തുന്ന എൻസിആർടി കണ്ണടച്ചാൽ ഇരുട്ടാകുക ഒരു രാജ്യത്തിനു മുഴുവനാണ്.

### ശാസ്ത്രമെന്ന സത്യം

ഏറ്റവും ഒടുവിലായി എൻസിഇആർടി ഒഴിവാക്കിയ പീരിയോഡിക് ടേബിളിലെ മൂലകങ്ങളുടെ ഓരോ കോളവും വിദ്യാർഥികളുടെ യുക്തിബോധത്തിന്റെ അടിക്കല്ലുകളാണ്. തനിക്കു ചുറ്റും കാണുന്ന ലോകത്തിലെ ദ്രവ്യതന്മാത്രകൾ രൂപംകൊണ്ടത് എങ്ങനെയെന്ന് ഒരുവനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന അറിവിന്റെ പട്ടിക ഒഴിവാക്കി ശാസ്ത്രപഠനം സാധ്യമല്ല. പത്താം ക്ലാസിലെ കുട്ടികൾക്ക് പഠനഭാരം ഒഴിവാക്കാനാണ് കെമിസ്ട്രി പുസ്തകത്തിൽനിന്നു പീരിയോഡിക് ടേബിൾ ഒഴിവാക്കിയതെന്നാണ് എൻസിഇആർടിയുടെ ന്യായീകരണം. എന്നാൽ, കോവിഡ് കാലം പിന്നിട്ട് സ്കൂളുകളെല്ലാം പഴയ സമയക്രമത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ടും കുട്ടികളുടെ പഠനഭാരം ലഘൂകരിക്കാൻ പ്രധാനപ്പെട്ട പാഠഭാഗങ്ങൾ ഒഴിവാക്കുന്നത് അക്ഷന്തവ്യമായ തെറ്റാണ്. ചെറിയ ക്ലാസുകളിൽ ശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പഠിക്കാതെ ശാസ്ത്രബോധം രൂപപ്പെടില്ല. അജൈവികതന്മാത്രകളിൽനിന്ന് ജൈവതന്മാത്രകൾ ഉണ്ടായത് എങ്ങനെയെന്നു തെളിയിച്ച പരീക്ഷണത്തെ ശാസ്ത്രലോകം അംഗീകരിച്ചത് നൊബേൽ സമ്മാനം നൽകിയാണ്. ആദിമഭൂമിയിലെ അന്തരീക്ഷം പുനഃസൃഷ്ടിച്ച് ലബോറട്ടറിയിൽ ജീവന്റെ ആദ്യത്തെ കണികകളെ സൃഷ്ടിച്ച സ്റ്റാൻലി മില്ലർ - ഹാരോൾഡ് യുറേ പരീക്ഷണം ഒൻപതാം ക്ലാസിലെ ജീവശാസ്ത്രപുസ്തകത്തിൽ പഠിക്കുന്ന വിദ്യാർഥികൾ ശാസ്ത്രത്തെ തൊഴുതുവണങ്ങും. അതിന് അവസരം നിഷേധിക്കുന്നത് അപരാധമാണ്.

### തിരുത്തലിന്റെ ലക്ഷ്യം

പീരിയോഡിക് ടേബിളും പരിണാമസിദ്ധാന്തവുമൊക്കെ ഒഴിവാക്കിയാൽ സർക്കാരിന് എന്തു ഗുണമെന്ന് ആർക്കും ചോദിക്കാം. പക്ഷേ, ഗുണമുണ്ട്! ശാസ്ത്രബോധം കൈവെടിഞ്ഞ് അതിമാനുഷികവിചിന്തനങ്ങൾ പേറുന്ന ജനതതിയെ നിർമിക്കുന്നത് നിക്ഷിപ്തതാത്പര്യക്കാരുടെ രാഷ്ട്രീയത്തിനു ഫലഭൂയിഷ്ഠമായ മണ്ണ് ഉഴുതിടും. പാർലമെന്റിൽ ചെങ്കോലും മന്ത്രോച്ചാരണങ്ങളും തത്സമയം പ്രക്ഷേപണം ചെയ്ത ഭരണകൂടത്തിനു സിലബസിൽനിന്നു രണ്ടു പാഠങ്ങൾ വെട്ടിയെറിയുന്നത് താരതമ്യേന എളുപ്പമുള്ള പണിയാണ്. അന്ധവിശ്വാസത്തിൽ കെട്ടുപിണഞ്ഞുകിടക്കുന്ന രാജ്യത്തിന്റെ നല്ലൊരു വിഭാഗം മുതിർന്ന പൗരന്മാരെ ചോദ്യം ചെയ്യാൻ രാജ്യത്തിന്റെ ഇളംതലമുറ ഒരുമ്പെടരുതെന്ന് ആഗ്രഹിച്ചാൽ ആദ്യം തിരുത്തേണ്ടത് പുസ്തകങ്ങൾ തന്നെയാണ്. അതവർ വൃത്തിയായി ചെയ്യുന്നുമുണ്ട്. ശാസ്ത്രപുസ്തകങ്ങൾ തിരുത്തിയതിനു മുമ്പേ എൻസിഇആർടി തിരുത്തിയത് ചരിത്രവും രാഷ്ട്രീയവുമാണെന്നും നമ്മൾ ഓർക്കണം. ■

---



ഫാ. തോമസ് പാട്ടത്തിൽചിറ CMF

1

കുടുംബവിളക്ക്

## ദൈവം

ദൈവത്തെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. കുടുംബത്തെയും കുടുംബജീവിതത്തെയും വാർത്തതും വാഴ്ത്തിയതും ദൈവമാണ്. ഉണരുന്നതിനു പിമ്പും ഉറങ്ങുന്നതിനുമുമ്പും കുടുംബാംഗങ്ങൾ ദൈവികചിന്തകൾകൊണ്ട് മനസ്സും ഹൃദയവും നിറയ്ക്കണം. ജീവനും ജീവിതവും അവയിലുള്ളവയൊക്കെയും ദൈവം തന്ന ഭിക്ഷയാണെന്ന ബോധ്യം വേണം. അവിടുത്തെ കരുതുന്ന കരതലങ്ങളിലാണ് തങ്ങളെന്ന് അവർ വിസ്മരിക്കരുത്. എന്നും കൂടെ നില്ക്കുന്നവൻ ദൈവംമാത്രമാണ്. ദൈവമില്ലാത്തിടത്ത് നിർജീവത്വവും ജീർണതയുംമാത്രമേ ഉണ്ടാവുകയുള്ളൂ. ദൈവവിചാരവും ഭക്തിയുമുള്ള കുടുംബങ്ങളിൽ ഭയത്തിനും ഭീഷണിക്കും സ്ഥാനമില്ല. ദൈവത്തെ മറന്നുള്ള കുടുംബജീവിതം നാശോന്മുഖമായിരിക്കും. അനർഥങ്ങളും ആധികളുമൊക്കെയായിരിക്കും അതിനുള്ളിൽ അധികവും. ദൈവവിചാരങ്ങളുടെ വേലിക്കെട്ടിനുള്ളിൽ ക്രൈസ്തവകുടുംബങ്ങൾ സുരക്ഷിതമായിരിക്കും. കുടുംബത്തിലെ അതിഥിയല്ല, അംഗമായിരിക്കണം ദൈവം. ദൈവികവിചാരങ്ങൾ ഉണർത്തുന്ന രൂപങ്ങളും ചിത്രങ്ങളും കുടുംബങ്ങളിൽ സ്ഥാപിക്കപ്പെടണം. ദൈവത്തിനു വസിക്കാൻ അനുയോജ്യമായ അന്തരീക്ഷം കുടുംബങ്ങളിൽ സൃഷ്ടിക്കപ്പെടണം. അവിടുത്തേക്ക് നിരക്കാത്തതായ യാതൊന്നും അവിടെയുണ്ടാകരുത്. ദൈവചിന്തയില്ലാത്ത കുടുംബത്തിന്റെ പ്രതീക്ഷകൾ പെട്ടെന്നു നശിക്കും (ജോബ് 8:18). അതിനുള്ളിലെ ആനന്ദങ്ങൾ അസ്ഥിരമായിരിക്കും (ജോബ് 20:5). വിചാരങ്ങളിൽ ദൈവം നിറയുമ്പോൾ അവ വിശുദ്ധീകരിക്കപ്പെടും. ശാശ്വതമായ ശാന്തിയും സന്തോഷവും കുടുംബങ്ങളിൽ തളം കെട്ടിനിൽക്കും. കുടുംബങ്ങളെ ദൈവം ഭരിക്കണം, ഹൃദയങ്ങളെ ദൈവവിചാരവും. 'ദൈവത്തെ മറന്നു കുഞ്ഞേ, ജീവിക്കരുതേ...' എന്ന ഗാനം കുടുംബങ്ങളിൽ മുടങ്ങാതെ പാടുന്നത് നന്ന്. ദൈവത്തെ സൗകര്യപൂർവം മാറ്റിനിർത്താൻ ശ്രമിക്കുന്ന ആധുനികതലമുറ വലിയ നഷ്ടവും കോട്ടവും അനുഭവിക്കേണ്ടതായി വരും.

'നിങ്ങളുടെ ഭവനങ്ങൾക്കുവേണ്ടി പോരാടുന്ന ഉന്നതനായ ദൈവത്തെ ഓർക്കുവിൻ.' (നെഹെമിയ 4:14)

---



ചരിത്രത്തിലാദ്യമായി പാലാ രൂപതയിലെ എല്ലാ സ്കൂളുകളിലെയും എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർഥികളെയും വിജയത്തിലേക്കു നയിച്ച പാലാ രൂപത കോർപറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറത്തെ ബിഷപ്പുമാരായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ ജോസഫ് സ്രാമ്പിക്കൽ എന്നിവരും വൈദികരും ചേർന്നു പൊന്നാടയണിയിച്ച് ആദരിക്കുന്നു.

# ഗോദയിൽ മാറ്റത്തിന്റെ കാറ്റു വീശുന്നു



സനിൽ പി. തോമസ്



സ്വാതന്ത്ര്യത്തിന്റെ ചരിത്രത്തിലെ പ്രഥമ ഒളിമ്പിക് വ്യക്തിഗതമെഡൽ ഗുസ്തിയിലായിരുന്നു – 1952 ൽ ഹെൽസിങ്കിയിൽ ജെ.ഡി. ജാദവ് 52 കിലോ വിഭാഗം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ നേടിയത്. പിന്നീടൊരു വ്യക്തിഗത മെഡലിനായി ഇന്ത്യയ്ക്ക് 1996 ലെ അറ്റ്‌ലാന്റ ഒളിമ്പിക്സ്‌വരെ കാത്തിരിക്കേണ്ടിവന്നു. ഗുസ്തിയിലാകട്ടെ, പ്രതീക്ഷ ഉയർത്തിയ പ്രകടനങ്ങൾ പലതവണ ഉണ്ടായെങ്കിലും പിന്നീട് മെഡൽ ഭാഗ്യമുണ്ടായത് 2008 ൽ ബെയ്ജിങ്ങിൽമാത്രം. പിന്നെ തുടരെ മെഡൽനേട്ടമുണ്ടായി. അതായത്, കഴിഞ്ഞ നാല് ഒളിമ്പിക്സിലും ഇന്ത്യയ്ക്ക് ഗുസ്തിയിൽ മെഡൽ ലഭിച്ചു.

നമ്മുടെ ഗുസ്തിതാരങ്ങൾ ഒളിമ്പിക്സിൽ ആകെ രണ്ടു വെള്ളിയും അഞ്ചു വെങ്കലവും കരസ്ഥമാക്കി. ഹോക്കി കഴിഞ്ഞാൽ ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് ഏറ്റവും അധികം മെഡൽ ലഭിച്ചത് ഗുസ്തിയിലാണ്. ബാഡ്മിന്റനും ഷൂട്ടിങ്ങും അതിനു പിന്നിലാണ്. വനിതാഗുസ്തിയിലാകട്ടെ ഇന്ത്യ വലിയ കുതിപ്പാണ് കഴിഞ്ഞ ഏതാനും വർഷമായി കാഴ്ചവയ്ക്കുന്നത്. 2016 ൽ റിയോ ഒളിമ്പിക്സിൽ സാക്ഷി മാലിക് വെങ്കലം നേടി. 2018 ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ വിനേഷ് ഫോഗട്ട് സ്വർണം കരസ്ഥമാക്കി. കോമൺ വെൽത്ത് ഗെയിംസിലും ലോകചാമ്പ്യൻഷിപ്പിലും നേടിയ മെഡലുകൾ വേറേ.

ഹോക്കി ഫെഡറേഷൻ മേധാവി ബ്രിജ്ഭൂഷൺ ശരൺസിങ്ങിനെതിരേ വനിതാ ഗുസ്തിതാരങ്ങൾ ലൈംഗികാതിക്രമപരാതിയുമായി ജനുവരിയിൽ ജന്തർമന്തറിൽ സമരത്തിനിറങ്ങുകയും ഏപ്രിലിൽ സമരം പുനരാരംഭിക്കുകയും ചെയ്തപ്പോൾ ഇന്ത്യയിലെ കായികപ്രേമികളുടെ ആശങ്ക താരങ്ങളുടെ ഭാവിയെക്കുറിച്ചായിരുന്നു. രാഷ്ട്രീയരംഗത്തെ അതിശക്തനെതിരേയാണു പോരാട്ടം. നടപടി വൈകുമ്പോൾ താരങ്ങൾ തളരും. മത്സരവീര്യം ചോരും. ഇത് സെപ്റ്റംബറിൽ ചൈനയിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിലും അടുത്തവർഷം പാരിസ് ഒളിമ്പിക്സിനുള്ള യോഗ്യതാമത്സരങ്ങളിലും പ്രതിഫലിക്കും.

പരാതിക്കു പരിഹാരം കാണാതെ ഏഷ്യൻ ഗെയിംസിൽ മത്സരിക്കില്ലെന്ന് സാക്ഷി മാലിക് പരസ്യമായി പ്രഖ്യാപിച്ചു കഴിഞ്ഞു. പ്രശ്നം പരിഹരിക്കപ്പെടുമെന്നുതന്നെ നമുക്കു പ്രതീക്ഷിക്കാം. പക്ഷേ, താരങ്ങളുടെ മനക്കരുത്ത്, ഗോദയിൽ എതിരാളികളെ മലർത്തിയടിക്കാനുള്ള നിശ്ചയദാർഢ്യം ഇതൊക്കെ വീണ്ടുകിട്ടാൻ സമയമെടുക്കും. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യൻ ഗുസ്തിതാരങ്ങൾ പഴയ ഫോമിലെത്താൻ മാസങ്ങൾ എടുക്കും. സംശയം വേണ്ട.

വെല്ലുവിളികൾ നിറഞ്ഞ പോരാട്ടത്തിൽ ഇത്രനാളും മനോബലം ചോരാതെ നിന്ന ഗുസ്തിതാരങ്ങൾക്ക് ഒരു കാര്യത്തിൽ ആശ്വസിക്കാം. ഗുസ്തി ഫെഡറേഷനിൽ ഒരു യുഗം സമാപിച്ചു അഥവാ ബ്രിജ്ഭൂഷൺ യുഗത്തിനു തിരശ്ശീല വീണു. ജൂൺ 30 നു മുമ്പ് തിരഞ്ഞെടുപ്പു നടത്തി പുതിയ ഭാരവാഹികളെ കണ്ടെത്തണമെന്നായിരുന്നു മുൻധാരണയെങ്കിലും ജൂലായ് 4 നാണ് ഇപ്പോൾ തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനമായിരിക്കുന്നത്. തിരഞ്ഞെടുപ്പ് നിഷ്പക്ഷമായിരിക്കണം. അല്ലെങ്കിൽ യുണൈറ്റഡ് വേൾഡ് റെസ്‌ലിങ്ങും തുടർന്ന് രാജ്യാന്തര ഒളിമ്പിക് കമ്മിറ്റിയും ഇടപെടും. റെസ്‌ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ സസ്പെൻഷൻ നേരിടും. അങ്ങനെ വന്നാൽ ഏഷ്യൻ ഗെയിംസിലും ഒളിമ്പിക്സിലും താരങ്ങൾക്ക് ഇന്ത്യയുടെ പേരിൽ മത്സരിക്കാനാവില്ല.

ഗുസ്തി ഫെഡറേഷനിലേക്കുള്ള തിരഞ്ഞെടുപ്പ് നീതിപൂർവം നടക്കുമെന്നു നമുക്ക് ഉറപ്പിക്കാം. ബ്രിജ്ഭൂഷന്റെ ബന്ധുക്കൾ മത്സരിക്കില്ലെന്ന് കേന്ദ്ര സ്പോർട്സ് മന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. ബ്രിജ്ഭൂഷന്റെ പുത്രൻ കരൻഭൂഷൻ മത്സരത്തിന് ഇറങ്ങിയതാണ് താരങ്ങളെ വീണ്ടും പ്രതിഷേധവുമായി എത്താൻ പ്രേരിപ്പിച്ചത്. ബ്രിജ്ഭൂഷന്റെ മകൻമാത്രമല്ല, മരുമക്കളും ഗുസ്തി സംഘടനാഭാരവാഹികളായുണ്ട്. പിൻസീറ്റ് ഡ്രൈവിങ് ലക്ഷ്യമിട്ട ബ്രിജ്ഭൂഷന് ഇനിയത് എളുപ്പമാവില്ല.

ഹരിയാനയും മഹാരാഷ്ട്രയും കഴിഞ്ഞേ യു.പി.ക്ക് ഇന്ത്യൻ ഗുസ്തിയിൽ സ്ഥാനമുള്ളൂ. നമ്മുടെ പ്രമുഖതാരങ്ങളെല്ലാംതന്നെ ഹരിയാനക്കാരാണ്. ഈ മൂന്നു സംസ്ഥാനങ്ങൾ കഴിഞ്ഞാൽ ഗുസ്തി പ്രചാരത്തിലുള്ളത് പഞ്ചാബിലും കർണാകടയിലുമാണ്. സത്യത്തിൽ ഹരിയാനയിലെയും മഹാരാഷ്ട്രയിലെയും യു.പിയിലെയുമൊക്കെ അഖാഡകളാണ് ഗുസ്തിതാരങ്ങളെ വളർത്തിയത്. വിനേഷിന്റെ പിതൃസഹോദരനും ഗീതയുടെയും ബബിതയുടെയും റിത്തുവിന്റെയും സംഗീതയുടെയും പിതാവുമായ മഹാവീർ ഫോഗട്ട് ഉൾപ്പെടെ ഒട്ടേറെ ഗുസ്തിപരിശീലകരുടെ സമർപ്പണമാണു ലോകോത്തരതാരങ്ങളെ വളർത്തിയത്. വിനേഷ് ഫോഗട്ടിനൊപ്പം സംഗീതയും സമരമുഖത്ത് സജീവമായിരുന്നു. പിന്തുണയുമായി മഹാവീറും എത്തി.

ഗുസ്തിയിൽ അർജുന അവാർഡ് ജേതാവായ കക്കാപവാർ പുനെയിൽ അഖാഡ നടത്തുന്നുണ്ട്. ഇത്തരം അഖാഡകളിലൂടെ വളർന്നവരാണ് ഗുസ്തിതാരങ്ങൾ. അവർ ദേശീയശ്രദ്ധ പിടിച്ചു പറ്റുമ്പോൾമാത്രമാണ് ദേശീയ ഫെഡറേഷന്റെ സഹായം എത്തുന്നത്. ദേശീയ കിരീടത്തിൽനിന്ന് രാജ്യാന്തരമത്സരരംഗത്തേക്ക് ഫെഡറേഷൻ വഴികാട്ടുന്നു. അപ്പോഴും ദേശീയ ക്യാമ്പുകൾ ഒഴിച്ചാൽ പരിശീലനം പഴയ അഖാഡകളിൽത്തന്നെ.

ബ്രിജ്ഭൂഷന്റെ ഭരണകാലത്ത് ഫെഡറേഷൻ സാരഥിയും സെലക്ഷൻ കമ്മിറ്റി ചെയർമാനും അത്‌ലറ്റുകളുടെ പരാതി പരിഹാരപാനൽ തലവനും എല്ലാം അദ്ദേഹംതന്നെയായിരുന്നു. അഥവാ ബ്രിജ്ഭൂഷന്റെ തിരുവായ്ക്ക് എതിർവാ ഇല്ലായിരുന്നു. എല്ലാ അർഥത്തിലും സർവാധിപതി. ഇങ്ങനെയൊരു അവസ്ഥയിൽ വനിതാതാരങ്ങൾ വൈകിയാണു പരാതിപറയുന്നത് എന്ന വാദത്തിന് എന്ത് അർഥമാണുള്ളത്?

ഉന്നതനിലവാരത്തിലെത്തിയ, മെഡൽ പ്രതീക്ഷയായ താരങ്ങൾക്ക് തത്കാലം രാജ്യാന്തരമത്സരങ്ങളിൽ തിരിച്ചടി നേരിട്ടാലും ഭാവിയിൽ മാറ്റങ്ങൾ പ്രതീക്ഷിക്കാം. ബ്രിജ്ഭൂഷണോ അദ്ദേഹത്തിന്റെ അനുയായികളോ ബന്ധുക്കളോ ഫെഡറേഷൻ ഭരണത്തിൽ പിന്നിൽനിന്നു കൈകടത്തില്ല എന്ന് ഉറപ്പുവരുത്തേണ്ട ബാധ്യത കേന്ദ്ര സ്പോർട്സ് മന്ത്രാലയത്തിനും ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷനുമുണ്ട്. അത് അവർ നിർവഹിക്കുമെന്നു പ്രതീക്ഷിക്കാം.

■

## ശ്രേഷ്ഠമലയാളം

ഡേവിസ് സേവ്യർ

# ത്രിശങ്കുസ്വർഗം



പുരാണപ്രസിദ്ധനായ ഒരു രാജാവാണ് ത്രിശങ്കു. അദ്ദേഹത്തിന്റെ യഥാർഥനാമം സത്യവ്രതൻ എന്നാണ്. മൂന്നു ശങ്കുക്കളിൽ (ആണികൾ)* പീഡിതൻ എന്ന വിവക്ഷിതത്തിലാണ് സത്യവ്രതന് ത്രിശങ്കു എന്ന പേർ ലഭിച്ചത്. ഭൂമിയിലും സ്വർഗത്തിലുമല്ലാതെ മൂന്നാമതൊരിടത്ത് ശങ്കു (തൂൺ)പോലെ സ്ഥിതി ചെയ്തതിനാലാണ് ആ പേർ സിദ്ധിച്ചതെന്നും കരുതപ്പെടുന്നു. വാസ്തവം എന്തായാലും ത്രിശങ്കുവിനെ 'തൃശങ്കു'വാക്കാൻ പാടില്ല.

ഉടലോടെ സ്വർഗത്തിൽ പോകണമെന്നായിരുന്നു ത്രിശങ്കുവിന്റെ മോഹം. വിശ്വാമിത്രൻ ത്രിശങ്കുവിന്റെ സഹായത്തിനെത്തി. വസിഷ്ഠശാപംമൂലം ചണ്ഡാലനായിത്തീർന്ന ത്രിശങ്കുവിനെ സ്വർഗത്തിൽ പ്രവേശിപ്പിക്കാൻ ഇന്ദ്രൻ തയ്യാറായില്ല. കുപിതനായ വിശ്വാമിത്രൻ സ്വർഗത്തിനുതാഴെ ഭൂമിക്കുമുകളിൽ ഒരു പുതിയ സ്വർഗം ത്രിശങ്കുവിനുവേണ്ടി തപോബലത്താൽ നിർമിച്ചു. അതത്രേ ത്രിശങ്കുസ്വർഗം.

ത്രിശങ്കുസ്വർഗം ഇന്ന് ഒരു ശൈലിയായിത്തീർന്നിട്ടുണ്ട്. അങ്ങുമിങ്ങുമില്ലാത്ത നിലയെ (അനിശ്ചിതാവസ്ഥ) സൂചിപ്പിക്കേണ്ടിവരുന്നിടത്ത് ഇതുപയോഗിക്കുന്നു. അയാൾ ത്രിശങ്കുവിൽ എന്നല്ല ത്രിശങ്കുസ്വർഗത്തിൽ എന്നുവേണം ശരിയായി പ്രയോഗിക്കാൻ. ഒരുതരം 'മിശ്രഭാഷ'യിൽ സംസാരിക്കുന്നതിനു ത്രിശങ്കുഭാഷ എന്നു പറയാറുണ്ട്. ത്രിശങ്കുപുഷ്പം എന്നൊരു മർമവും ഉണ്ട്. മുല രണ്ടിനും ഒത്തനടുവിലുള്ള ഭാഗമാണ് ത്രിശങ്കുപുഷ്പമർമം. ത്രിശങ്കുവിന്റെ പുത്രനെ ത്രിശങ്കുജൻ (ഹരിശ്ചന്ദ്രൻ) എന്നു വിശേഷിപ്പിക്കാം. 'തൃശങ്കു' അപരൂപമാണ്. ഉച്ചാരണത്തിലോ എഴുത്തിലോ കൊണ്ടുവരരുത്.

ഇത്തരം ശൈലികളും പ്രയോഗങ്ങളും മനസ്സിലാക്കാൻ കവിഭാഷയെ ആശ്രയിക്കാം. 1976 ൽ പുറത്തിറങ്ങിയ തെമ്മാടി വേലപ്പൻ എന്ന ചിത്രത്തിനുവേണ്ടി മങ്കൊമ്പ് ഗോപാലകൃഷ്ണൻ എഴുതിയ ഒരു ഗാനത്തിന്റെ പല്ലവി ശ്രദ്ധിക്കുക: "ത്രിശങ്കുസ്വർഗത്തെ തമ്പുരാട്ടി/ ത്രിശൂലമില്ലാത്ത ഭദ്രകാളി/ ആണുങ്ങളില്ലാത്ത രാജ്യത്തെ/ അല്ലിറാണിപോലത്തെ രാജാത്തി"** എം.എസ്. വിശ്വനാഥന്റെ സംഗീതത്തിൽ, കെ.ജെ. യേശുദാസാണ് ഈ ഗാനം ആലപിച്ചിരിക്കുന്നത്. കവി ശരിയായി എഴുതിക്കൊടുത്ത വരികൾ തെറ്റാതെ പാടാൻ ദാസിനു കഴിഞ്ഞിട്ടുണ്ട്. ശരികളെ, ശരിയായിത്തന്നെ നിലനിർത്താൻ ഭാഷാപ്രയോക്താക്കൾക്കും കഴിയണം.

* പിതൃകോപം, പരദാരാപഹരണം, പശുമാംസഭക്ഷണം എന്നിവയാണ് മൂന്നു പാപങ്ങളാകുന്ന ശങ്കുക്കൾ അഥവാ ആണികൾ.

** ഗോപാലകൃഷ്ണൻ മങ്കൊമ്പ്, ഇളംമഞ്ഞിൽ കുളിരുമായ്, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2014, പുറം – 58




**ജൂൺ 25**
**ശ്ലീഹാക്കാലം**
**അഞ്ചാം ഞായർ**

**നിയ 1:33 – 46**
**ഏശ 1:21 – 31**
**1 കോറി 14:1 – 12**
**ലൂക്കാ 12:22 – 34**



# സ്നേഹം കരുതലാക്കുന്നവൻ



**ഫാ. ഡോ. ജോസഫ് കരികുളം**

**ദൈ**വരാജ്യത്തിന്റെ രഹസ്യമായി വിശുദ്ധഗ്രന്ഥത്തിൽ കാണുന്നതും ഈശോയുടെ ശിഷ്യന്മാർ അനുഭവിക്കുന്നതും അവർ പിന്നീട് പ്രഘോഷിക്കുന്നതും ദൈവസ്നേഹമാണ്. സ്നേഹനിധിയായ ദൈവം മനുഷ്യനോടു കാണിക്കുന്ന കരുണയും, ആ കരുണയിൽനിന്നുണ്ടാകുന്ന രക്ഷയുമാണല്ലോ ബൈബിളിന്റെ ഉള്ളടക്കം. ദൈവം മനുഷ്യനിൽനിന്ന് ആ സ്നേഹം തിരികെ ആവശ്യപ്പെടുന്നുണ്ട്.

ദൈവം ഇസ്രയേലിനോടു കാണിക്കുന്ന കരുണയും എന്നാൽ ആ കരുണയോടു വിശ്വസ്തത കാണിക്കാത്ത ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പരിഭവവുമാണ് ഒന്നാം വായനയുടെ (നിയ. 1:33–46) ഇതിവൃത്തം. മോശയാണു സംസാരിക്കുന്നത്. ദൈവം ഇസ്രായേലിനോടു കാണിച്ച കരുണ അനുഭവിച്ചറിഞ്ഞയാൾ. ആ കരുണയുടെ ആഴം എത്രയെന്നറിയണമെങ്കിൽ ഇതുമാത്രം ശ്രവിച്ചാൽ മതി: "നിങ്ങൾക്കു വഴികാട്ടാനായി അവിടുന്ന് രാത്രി അഗ്നിയിലും പകൽ മേഘത്തിലും നിങ്ങൾക്കു മുമ്പേ സഞ്ചരിച്ചിരുന്നു"(1:33).

പിതാക്കന്മാർക്കു താൻ വാഗ്ദാനം ചെയ്ത കാനാൻ ദേശം ഇപ്പോഴത്തെ തലമുറയ്ക്കു നൽകുന്നതിൽ ദൈവം വിമുഖത പ്രകടിപ്പിക്കുന്നു(1:34). ഈ തലമുറ കാണിക്കുന്ന അനുസരണക്കേടാണ് അതിന്റെ കാരണം. ദൈവത്തിന്റെ വാക്കുകൾക്കു വിലകൊടുക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുന്നവരോടാണ് അവിടുത്തേക്കു പ്രതിപത്തി (1:36). അവിടുത്തെ അനുസരിക്കാതിരിക്കുകയും എന്നാൽ, അവിടുന്ന് തങ്ങളോടൊത്തുണ്ട് എന്നഹങ്കരിച്ച് യുദ്ധത്തിനു പോകുകയും ചെയ്തതിനാൽ അമോര്യർക്കെതിരേ ഇസ്രായേൽ പരാജയപ്പെട്ടു(1:44).

കർത്താവിനെ പരിത്യജിക്കുന്നവർ നിശ്ശേഷം ഇല്ലാതാകും (ഏശ. 1:28) എന്ന സന്ദേശമാണ് ഏശയ്യാപ്രവാചകനിലൂടെ ദൈവം നൽകുന്നത് (രണ്ടാം വായന: ഏശ. 1:21–31). കർത്താവിനെ പരിത്യജിക്കുന്നവരുടെ ലക്ഷണങ്ങൾ അവർ പാപികളും കലഹപ്രിയരുമായിരിക്കും എന്നതാണ് (1:28). കർത്താവിന്റെ സ്നേഹവും കരുണയും പങ്കുപറ്റുന്ന ജനം ഒരിക്കലും ചെയ്യരുതാത്ത കാര്യങ്ങളാണ് അവരുടെയിടയിൽ നടക്കുന്നതെന്ന് ഏശയ്യാ ഉദാഹരണസഹിതം ഓർമിപ്പിക്കുന്നു: "നീതിയും ധർമവും കുടികൊണ്ടിരുന്ന അവളിൽ ഇന്ന് കൊലപാതകികളാണു വസിക്കുന്നത്"(1:21).

ആ തലമുറയിലെ ജനം ചെയ്യുന്ന അതേ പാപങ്ങളൊക്കെത്തന്നെയാണ് ഇന്നത്തെ ജനവും ചെയ്യുന്നതെന്നത് വിരോധാഭാസമായിത്തോന്നാം. സ്വാർഥലാഭത്തിനായി കള്ളന്മാരോടും കള്ളക്കടത്തുകാരോടും കൂട്ടുകൂടുന്ന നേതാക്കൾ. കോഴ കൊതിക്കുന്ന ഉദ്യോഗസ്ഥർ, പണമുണ്ടാക്കുന്നതിനായി അഴിമതി കാണിക്കുന്നവർ, സാധാരണ ജനത്തിന്റെ ആവശ്യങ്ങളുടെ കൂടെ നിൽക്കാത്ത അധികാരികൾ. ഇതൊക്കെ ദൈവരാജ്യസങ്കല്പത്തിന് എതിരു നിൽക്കുന്ന യാഥാർഥ്യങ്ങളാണ്. അന്നും ഇന്നും വലിയ മാറ്റമൊന്നും ദൈവത്തിന്റെ സ്നേഹത്തിനും മനുഷ്യന്റെ പ്രതികരണത്തിനും ഉണ്ടായിട്ടില്ല എന്നതിന് നമ്മുടെ തലമുറ തന്നെ സാക്ഷി!

ദൈവത്തിന്റെ മനുഷ്യനോടുള്ള സ്നേഹം പൂർണമായും കരുതലിന്റേതും കരുണയുടേതുമാണെന്നും, അതു വാക്കുകളിൽ ഒതുങ്ങാതെ പ്രാവർത്തികമാക്കപ്പെടുന്നെന്നും ഈശോ ഓർമിപ്പിക്കുന്നു (ലൂക്കാ 12:22–34). ആകുലരാകാതെ ദൈവപരിപാലനയിൽ ആശ്രയിക്കാൻ ഈശോ തന്നെ ശ്രവിക്കുന്നവരോടു പറയുന്നു. പക്ഷേ, ശ്രവിക്കുന്നവർക്കറിയില്ലല്ലോ ഇതു ദൈവംതന്നെയാണു സംസാരിക്കുന്നതെന്ന്. അതുകൊണ്ടു തന്നെ 'എത്ര പ്രവാചകന്മാർ തങ്ങളോടിതു പറഞ്ഞിട്ടുള്ളതാണ്' എന്നു പറഞ്ഞ് ഈശോയുടെ വാക്കുകളെ നിസ്സാരവത്കരിക്കുന്നുണ്ടാകാം. എന്നാലും ഈശോ തന്റെ ദൗത്യത്തിൽനിന്നു പിന്മാറുന്നില്ല.

'ആകുലരാകരുത്' എന്ന് ദൈവമായ ഈശോതന്നെ പറയുമ്പോൾ അതിന്റെ കാരണവും അവിടുന്നുതന്നെ പറയുന്നുണ്ട്: "എന്തെന്നാൽ, ജീവൻ ഭക്ഷണത്തിനും വസ്ത്രത്തിനും ഉപരിയാണ്"(12:23). ജീവൻ നിലനിർത്താൻ ഭക്ഷണം വേണം എന്ന കാഴ്ചപ്പാടാണ് ലോകത്തിനുള്ളത്. പക്ഷേ, യാഥാർഥ ജീവൻ ദൈവം തരുന്ന നിത്യജീവൻ നിലനിർത്താൻ മാനുഷികമായ ഭക്ഷണം ആവശ്യമില്ല (ലൂക്കാ 4:4). ആ ജീവൻ ഈ ലോകത്തിന്റെ ചിന്തകൾക്കുപരിയാണ്. ലളിതവും ദൈവാശ്രയ ബോധത്തിലുള്ളതുമായ ജീവിതത്തിലേക്ക്, പക്ഷികളുടെയും സസ്യങ്ങളുടെയും ഉദാഹരണം ചൂണ്ടിക്കാണിച്ച് ഈശോ നമ്മെ ക്ഷണിക്കുന്നു.


മനുഷ്യന്റെയൊപ്പം ചിന്താബോധമില്ലാത്ത മൃഗങ്ങളും പറവകളും സസ്യങ്ങളുമെല്ലാം ആകുലതയില്ലാതെ ജീവിക്കുന്നുണ്ടെങ്കിൽ ദൈവത്തെ അറിയുന്ന, അവിടുന്നിൽ വിശ്വസിക്കുന്ന മനുഷ്യർക്ക് എത്രയധികം ആശ്വാസം ഉണ്ടാകേണ്ടതാണ്? അതിനുപകരം, ലോകത്തിന്റെ രീതികളിൽ നിക്ഷേപങ്ങൾ സൂക്ഷിച്ചുവയ്ക്കാൻ ശ്രമിക്കുന്ന മനുഷ്യന്റെ ശ്രമങ്ങളെ ഈശോ പരിഹസിക്കുന്നതും (ലൂക്കാ 12:20–21) നാം കാണുന്നുണ്ട്.

മനുഷ്യന്റെ ചിന്തയിൽ മൃഗങ്ങളുടെയും സസ്യങ്ങളുടെയും ജീവിതം നിസ്സാരമാണ്, വിലയില്ലാത്തതാണ്. അതുപോലെ, ദൈവത്തിന്റെ ചിന്തയിൽ മനുഷ്യന്റെ ജീവിതവും നിസ്സാരമാണ് എന്നു ചിന്തിക്കാൻ നമുക്കു കഴിയുമെങ്കിൽ ദൈവാശ്രയബോധം നമുക്കു കരുത്താകും. മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാണ് (സങ്കീ. 103:15) എന്നത് ദൈവത്തിന്റെ നിത്യതയുടെ കാഴ്ചപ്പാടിലാണ് അർഥമുള്ളതാകുന്നത്. എൺപതോ നൂറോ വർഷമുള്ള മനുഷ്യജീവിതം നിത്യനായ ദൈവത്തിന്റെ കാഴ്ചപ്പാടിൽ ഒരു പുൽക്കൊടിയുടെ ആയുസ്സിനു സമമാണ്. എന്നിട്ടാണ് മനുഷ്യൻ അഹങ്കാരത്തിലും താൻപോരിമയിലും ജീവിച്ച് സഹോദരരുടെ ജീവിതം ദുസ്സഹമാക്കുകയും സ്വന്തജീവൻ നഷ്ടപ്പെടുത്തുകയും ചെയ്യുന്നത്.

ദൈവത്തിന്റെ സ്നേഹത്തെ അടുത്തറിഞ്ഞ പൗലോസാകട്ടെ, സ്നേഹിക്കാനുള്ള ആഹ്വാനവുമായി വീണ്ടും എഴുതുകയാണ് (1 കോറി. 14: 1–12). "സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം" (14:1). ആ സ്നേഹം വ്യക്തിഗതമല്ലെന്ന് പൗലോസ് ഓർമിപ്പിക്കുന്നു. കൂട്ടായ്മയിൽ ജീവിക്കുന്നവരാണ് ക്രിസ്ത്യാനികൾ. അതുകൊണ്ടുതന്നെ, സഭയിലും സഭയോടുമുള്ള സ്നേഹം പരമപ്രധാനമാണ്. 'സഭ' എന്നതുകൊണ്ട് തന്നിൽനിന്നു മാറിനിൽക്കുന്ന ഒരു പ്രസ്ഥാനമാണെന്നു ചിന്തിക്കുന്ന വിശ്വാസികളെ തിരുത്താൻ പൗലോസ് ശ്രമിക്കുന്നുണ്ട്. "നിങ്ങൾ ആത്മീയകാര്യങ്ങളിൽ ഉത്സുകരായിരുന്നുകൊണ്ട് സഭയുടെ ഉത്കർഷത്തിനായി യത്നിക്കുവിൻ" (14:1). സഭയുടെ അഭിവൃദ്ധിക്കായി പരിശ്രമിക്കുമ്പോൾ നമ്മുടെ തന്നെ ഉയർച്ചയും നിത്യരക്ഷയിലേക്കുള്ള കൂട്ടായ ശ്രമവുമാണ് നടക്കുന്നതെന്ന ബോധ്യം ഓരോ വിശ്വാസിക്കും ഉണ്ടാകണം.

■


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങയെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)


**എലിസബത്ത് ജോജോ**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**സിറിൽ, പാലാ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി**
**പൂഞ്ഞാർ**

# ക്രൈസ്തവസ്ഥാപനങ്ങൾ തകർക്കാനുള്ള അജണ്ട തിരിച്ചറിയണം: കെസിബിസി

കൊച്ചി: ക്രൈസ്തവസ്ഥാപനങ്ങൾ തകർക്കാൻ ശ്രമിക്കുന്നവരുടെ അജണ്ട തിരിച്ചറിയണമെന്നു കേരള കത്തോലിക്കാ മെത്രാൻസമിതി. ഇക്കാര്യത്തിൽ സർക്കാരും മത, സാംസ്കാരിക, രാഷ്ട്രീയ, മാധ്യമപ്രവർത്തകരും ജാഗ്രതയോടെ പ്രവർത്തിച്ചില്ലെങ്കിൽ സമൂഹത്തിൽ വർഗീയധ്രുവീകരണം സൃഷ്ടിക്കപ്പെടുമെന്നും കെസിബിസിയുടെ വർഷകാലസമ്മേളനത്തിനുശേഷം പുറപ്പെടുവിച്ച പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള സമരങ്ങളും അപവാദപ്രചാരണങ്ങളും അടുത്തകാലത്തായി വർധിക്കുന്നുണ്ട്. ക്രൈസ്തവസ്ഥാപനങ്ങളിൽ വിവാദങ്ങൾ സൃഷ്ടിക്കുന്ന രാഷ്ട്രീയ, സമുദായസംഘടനകൾ സമാനമായ വിഷയങ്ങൾ മറ്റു സ്ഥാപനങ്ങളിൽ ഉണ്ടാകുമ്പോൾ മൗനം പാലിക്കുന്നതിനുപിന്നിൽ വ്യക്തമായ അജണ്ടയുണ്ടെന്നു സംശയിക്കണമെന്നും കെസിബിസി ചൂണ്ടിക്കാട്ടി.

കേരളസഭയുടെ നവീകരണത്തിന്റെ ഭാഗമായി ദിവ്യകാരുണ്യ കോൺഗ്രസ് ഡിസംബർ ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ വല്ലാർപാടം ബസലിക്കയിൽ നടത്തും. മെത്രാന്മാർ, വൈദികർ, സന്ന്യസ്തർ, യുവജനങ്ങൾ തുടങ്ങി സഭയുടെ വിവിധ തലങ്ങളിൽനിന്നുള്ളവർ പങ്കെടുക്കും. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന ക്രൈസ്തവവിരുദ്ധ പ്രവർത്തനങ്ങളും പീഡനങ്ങളും വിലയിരുത്തിയ മെത്രാൻസമിതി, മണിപ്പൂരിൽ ഇപ്പോഴും നിലനില്ക്കുന്ന സംഘർഷാവസ്ഥയിൽ ദുഃഖവും ഉത്കണ്ഠയും രേഖപ്പെടുത്തി. വർഗീയവിദ്വേഷം പ്രചരിപ്പിച്ചു സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന രാഷ്ട്രീയപ്രവർത്തകരെ നിയന്ത്രിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കണം. മണിപ്പൂരിൽ എത്രയുംവേഗം സമാധാനം ഉറപ്പുവരുത്താൻ കേന്ദ്രസർക്കാർ ഇടപെടണമെന്നും കെസിബിസി ആവശ്യപ്പെട്ടു.

ഒഡീഷയിലെ ബാലസോർ ട്രെയിനപകടത്തിൽ മരിച്ചവരെ കെസിബിസി പ്രാർഥനയിൽ അനുസ്മരിച്ചു. ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ റെയിൽവേ അധികൃതരുടെ ഗൗരവമായ ശ്രദ്ധവേണം. സാധാരണക്കാരായ അനേകരുടെ പൊതുയാത്രാസംവിധാനമാണ് ഇന്ത്യൻ റയിൽവേ. തുടർച്ചയായുണ്ടാകുന്ന അപകടങ്ങളും ട്രെയിൻ കത്തിക്കുന്ന സംഭവങ്ങളും യാത്രക്കാരിൽ ഭീതി നിറയ്ക്കുമെന്നും യോഗം ചൂണ്ടിക്കാട്ടി.

മദ്യവും മയക്കുമരുന്നും സമൂഹത്തിൽ വർധിച്ചുവരുന്നതും കേരളത്തിലേക്കു മയക്കുമരുന്ന് ധാരാളമായി എത്തുന്നതും ആശങ്കാജനകമാണ്. യുവജനങ്ങളെയും പൊതുസമൂഹത്തെയും ഗൗരവതരത്തിൽ ബാധിക്കുന്ന രോഗമായി മയക്കുമരുന്നുപയോഗം വർധിക്കുന്നു. സർക്കാർ സംവിധാനങ്ങൾ കുറ്റമറ്റരീതിയിൽ പ്രവർത്തിച്ച് ലഹരിവസ്തുക്കളുടെ ലഭ്യതയും വാണിജ്യവും നിയന്ത്രിച്ച് കേരളത്തെ സംരക്ഷിക്കണം.

വന്യജീവികളുടെ വർധന നിയന്ത്രിക്കാനും മലയോരക്കർഷകരുടെയും ജനങ്ങളുടെയും ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനും വന്യജീവിനിയമത്തിൽ ഭേദഗതി വരുത്താനും സർക്കാർ നടപടികൾ സ്വീകരണം. വന്യജീവിയാക്രമണങ്ങൾ കൂടുതൽ ജനവാസമേഖലകളിലേക്കു വ്യാപിക്കുന്നതിൽ സത്വരമായ ശ്രദ്ധ ഉണ്ടാകണം. വന്യജീവിയാക്രമണത്തിന് ഇരയായവർക്കും കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്കും അർഹമായ നഷ്ടപരിഹാരം നൽകണം.

ബഫർസോൺ സംബന്ധിച്ച് ജനങ്ങളിൽ നിലനില്ക്കുന്ന ആശങ്കകൾ അടിയന്തരമായി പരിഹരിക്കണം. വിഴിഞ്ഞം തുറമുഖത്ത് തീരദേശവാസികൾ നടത്തിയ സമരം ഒത്തുതീർപ്പാക്കിയപ്പോൾ ഉണ്ടായ ധാരണകൾ നടപ്പിലാക്കണം. കേസുകൾ പിൻവലിക്കുന്നതിനെക്കുറിച്ചും പുനരധിവാസത്തെക്കുറിച്ചുമുള്ള ധാരണകൾ പാലിക്കപ്പെട്ടിട്ടില്ല. ഗോഡൗണിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ട നടപടികൾ സത്വരമായി സ്വീകരിക്കണം.

തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന ഉൾപ്പെടെ 12 സംസ്ഥാനങ്ങൾ ചെയ്തതുപോലെ കേരള സർക്കാരും ദളിത് ക്രൈസ്തവർക്ക് പട്ടികജാതിസംവരണം നൽകണമെന്ന പ്രമേയം പാസാക്കി കേന്ദ്രസർക്കാരിനു ശിപാർശ നൽകണമെന്ന് കെസിബിസി ആവശ്യപ്പെട്ടു.

മൂന്നുദിവസം നീണ്ട വർഷകാലസമ്മേളനത്തിൽ സഭയെയും സമൂഹത്തെയും ബാധിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്തതായി ഔദ്യോഗിക വക്താവും ഡെപ്യൂട്ടി സെക്രട്ടറി ജനറലുമായ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി പറഞ്ഞു. ■



## മാമ്പഴക്കാലം

**അനാമിക ഹരിപ്പാട്**

മധുരമാമ്പഴക്കാലമേ,
നിനക്കെന്നും
ബാല്യത്തിൻ പച്ചപ്പും
തോരാചുനഗന്ധവും!

നീ പേറുന്നു
ചാഞ്ഞ തേന്മാവിൻ
ചില്ലയിലിത്തിരി
തണൽനനവു തേടും
ഓർമമഴഗന്ധം!

അക്കൊമ്പിലിക്കൊമ്പിൽ
ആലോലമാടുന്ന
നറുമിഴിക്കോണിലെ
പൊൻതുമ്പിതുള്ളൽ!

ഊഞ്ഞാൽത്തുടിപ്പോലും
അകതാളമേളത്തിൻ
അരുമയാം കിങ്ങിണി-
ക്കാൽച്ചിലമ്പൽ!

ഋതുപ്പൂക്കൾ വിടർത്തുന്ന
നറുപുലരിമൊട്ടിന്റെ
നവ്യസുഗന്ധങ്ങൾ!

നിമിനേരം നിൻശാഖ-

യൊട്ടിനിന്നീടവേ
ചൂളം വിളിച്ചങ്ങു
പായുന്നു ഘടികാരം.

അറിയാതുറക്കത്തിലെങ്കിലും
കാൽവഴുതി അമ്മമണത്തിന്റെ
ആഴത്തിലേക്കു കുതിക്കാൻ
കൊതിക്കവേ...

വിദൂരത്തിൽനിന്നാരോ മൊഴിയുന്നു:
കടിഞ്ഞാണഴിഞ്ഞു കുതിച്ചോരു
ബാല്യത്തെ
കൈയെത്തിയെങ്ങനെ
നീ പിടിക്കും?



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# വാടിക്കരിഞ്ഞ മന്ദാരം

**ക**ല്പവൃക്ഷങ്ങളിൽ ഒന്നാണ് മന്ദാരം. അതായത് സ്വർഗത്തിലെ ഒരു വൃക്ഷം. സന്തോഷിക്കുന്നത്, കോമളമായത്, മൂർച്ചയുള്ള മുള്ളുകളില്ലാത്തത് എന്നൊക്കെയാണ് ഇതിനെക്കുറിച്ചു പറയുന്നത്. ഇതിന്റെ പൂവ് ഒരിക്കലും വാടുകയോ സൗന്ദര്യം കുറയുകയോ ചെയ്യുകയില്ല എന്നാണു സങ്കല്പം. ഈ പുഷ്പത്തെ തന്റെ ഗാനങ്ങളിൽ നന്നായി ഉപയോഗപ്പെടുത്തിയത് വയലാർ രാമവർമ്മയാണ് 'അടിമകളി'ലെ 'ചെത്തിമന്ദാരം തുളസി', 'ഗന്ധർവക്ഷേത്ര'ത്തിലെ 'എന്നെ നിൻ മാറിലെ വനമാലയിലെ മന്ദാരമലരാക്കൂ' ('ഇന്ദ്രവല്ലരിപ്പൂചൂടിവരും' എന്ന ഗാനഭാഗം) എന്നീ വരികൾ ഉദാഹരണം. ബൗഹിനിയ എന്ന ജനുസ്സിൽപ്പെട്ട മന്ദാരം പല നിറങ്ങളിൽ നമ്മുടെ നാട്ടിലും സുലഭമാണ്. 'എന്റെ ഓർമ്മയിൽ പൂത്തുനിന്നൊരു മഞ്ഞമന്ദാരമേ' ('നോക്കെത്താദൂരത്ത് കണ്ണുംനട്ട്' എന്ന ചിത്രത്തിലെ 'ആയിരം കണ്ണുമായ് കാത്തിരുന്നു നിന്നെ ഞാൻ' എന്ന ഗാനം) എന്ന ബിച്ചു തിരുമലയുടെ പ്രയോഗം പെട്ടെന്ന് ഓർമവരുന്നു.

ഇത്രയും ഇവിടെ ആമുഖമായി പറഞ്ഞത് 'മന്ദാരം' എന്ന പേരിൽ ഒരു മ്യൂസിക് ആൽബം ഇറങ്ങിയതുകൊണ്ടാണ്. സ്വാഭാവികമായും മന്ദാരംപോലെ ചേതോഹരമായ ഗാനമായിരിക്കും അതെന്നു നാം കരുതും. എന്നാൽ, നമ്മുടെ പ്രതീക്ഷയെ പാടെ തകർക്കുന്നതാണ് പ്രസ്തുത ഗാനം:

"മിഴിയോരം തഴുകും
കുളിർകാറ്റോ തെന്നലോ
ചിരിയിൽ ഞാൻ മയങ്ങി
പുഞ്ചിരിയിൽ മെല്ലെ നീ
ഒരു വാക്കിൽ പറയാതെ
അറിയാതെ
നിനയാതെ മറയാതെ
സഖിയേ" (രചന - മുസ്തഫ മുഹമ്മദ്; സംഗീതം - കണ്ണൻ കെ. മോഹൻ, ആലാപനം - നിഖിൽ ഏലിയാസ്)

ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിപോലും എഴുതാൻ മടിക്കുന്നതാണ് 'കാറ്റോ തെന്നലോ' എന്ന ചോദ്യം. ആ കുട്ടിക്ക് അവ രണ്ടും ഒരേ അർത്ഥപദങ്ങളാണെന്ന് അറിയാമെന്നതാണ് അതിനു കാരണം. ഈ പാട്ടെഴുതിയ വ്യക്തിക്ക് അതുപോലും അറിഞ്ഞുകൂടാ എന്നു പറയേണ്ടിവരുന്നതിലല്ല ഏറെ സങ്കടം. ഈ ആൽബവുമായി ബന്ധപ്പെട്ട് എത്രയോപേർ പ്രവർത്തിച്ചിരിക്കുന്നു. പലരുടെയും പേരുകൾ ഗാനത്തിനൊടുവിൽ എഴുതിക്കാണിക്കുന്നുമുണ്ട്. എന്നിട്ടും അവരിൽ ഒരാൾക്കുപോലും ഈ ഹിമാലയൻ വങ്കത്തം തിരിച്ചറിയാനുള്ള ബോധം ഉണ്ടായില്ലല്ലോ എന്നത് എട്ടാമത്തെ ലോകാദ്ഭുതമായി അവശേഷിക്കുന്നു.

കാറ്റും തെന്നലും സമാനാർത്ഥപദങ്ങളാണെന്നു മനസ്സിലാക്കാൻ മുസ്തഫ മുഹമ്മദിനെപ്പോലെയുള്ള ആൽബം പാട്ടെഴുത്തകാർ എത്രയും വേഗം ശബ്ദതാരാവലി സ്വന്തമാക്കുന്നതു നന്നായിരിക്കും. പക്ഷേ, അപ്പോഴുമുണ്ട് കുഴപ്പം. ഈ രണ്ടുപദങ്ങളും ഒന്നു മറിച്ചു നോക്കാൻ മനസ്സുവരണമല്ലോ. ഭാഷ അറിയാത്തവരുടെ ഇത്തരം അന്ധമായ പ്രയോഗങ്ങളാൽ അനുദിനം നശിക്കുകയാണ് നമ്മുടെ ഗാനസാഹിത്യം. ആവർത്തനദോഷത്തെക്കുറിച്ചു കുട്ടികളെ പഠിപ്പിക്കാൻ ഈ ഗാനം ഉപയോഗിക്കാം.

ഈ ലേഖകൻ പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ 'ഓര'ത്തിനോട് ആധുനിക ഗാനരചയിതാക്കൾക്ക് (അവർ ആ പേരിന് അർഹരാണോ എന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു) വല്ലാത്ത ഭ്രമമാണ്. ഇവിടെത്തന്നെ നോക്കുക, നായികയുടെ മിഴിയെയല്ല കുളിർകാറ്റ് (പാട്ടെഴുത്തുകാരന്റെ ഭാഷയിൽ തെന്നലും) തഴുകുന്നത്, മിഴിയോരത്തെയാണ്. അവളുടെ ചിരിയിൽ നായകൻ മയങ്ങിയത് അംഗീകരിക്കാൻ നമുക്കു തോന്നും. അതുകഴിഞ്ഞാൽ കയറൂരിവിട്ട കാളയെപ്പോലെ മൂന്നുവരികൾ പെട്ടെന്നു പാടിപ്പോകുന്നു. അവിടെ പറയുന്ന വാക്കുകളുടെ അർഥം എങ്ങനെ പറഞ്ഞൊപ്പിക്കുമെന്നു മാത്രം മനസ്സിലാവുന്നില്ല.

പൗനരുക്ത്യം എന്ന ദോഷത്തെക്കുറിച്ച് എന്തായാലും ഈ ഗാനരചയിതാവ് കേട്ടിരിക്കാൻ വഴിയില്ല. കേട്ടിരുന്നുവെങ്കിൽ 'കുളിർകാറ്റോ തെന്നലോ' എന്നെഴുതുമായിരുന്നോ? ചരണത്തിൽ 'ഇരുളാർന്നൊരെൻ വഴിവീഥിയിൽ' എന്നു വേറെയും പുനരുക്തിദോഷം വരുത്തുമായിരുന്നോ? വഴിയും വീഥിയും അടുത്തടുത്ത് വ്യത്യസ്ത അർഥമുണ്ടെന്ന രീതിയിൽ എഴുതാൻ പാടില്ല എന്നറിയാത്തവർ തൂലികയേന്തി ഗാനരചയിതാവാകുന്നു. അതേസമയം കാവ്യവാസനയും വേണ്ടത്ര അറിവുമുള്ളവർ മൗനം ഭജിക്കുന്നു. ഈശ്വരോ രക്ഷതു. ■

# വൈധവ്യം: തിരിച്ചറിവും അതിജീവനവും

സീൻ 9 എ




■ വീയെൻ

രാത്രി: വർമ, രുഗ്മിണി, കാർത്തിക.

വർമ: മരണം രംഗബോധമില്ലാത്ത ഒരു കോമാളിയാണെന്നു പറയുന്നത് എത്ര ശരിയാണ്! ഇരിക്കൂ മിസ്സിസ് നായർ. വിഷമിക്കണ്ട. ഈ തുക ഞാൻ തരാം. പക്ഷേ, അതോടെ മിസ്സിസ് നായരുടെ പ്രശ്നങ്ങൾ തീർന്നൂന്നു കരുതുന്നുണ്ടോ. കുട്ടികൾ ചെറുപ്പമാണ്. അതും പെൺകുട്ടികൾ. അവരെ പഠിപ്പിക്കണം. കല്യാണം കഴിപ്പിച്ചയയ്ക്കണം. എല്ലാം തുടങ്ങുന്നതല്ലേയുള്ളൂ... മിസ്സിസ് നായർ, നിങ്ങളുടെ എല്ലാക്കാര്യങ്ങളും ഞാൻ നോക്കാം. മാന്യമായിട്ടുതന്നെ. പക്ഷേ, ഇതിനൊന്നും രേഖയുണ്ടാവില്ലെന്നു മാത്രം...

സീൻ 9 ജെ

വർമ: മിസ്സിസ് നായർ, കഴുത്തിൽ താലിയില്ലാത്ത ഒരു സ്ത്രീയാണു നിങ്ങൾ. ഇപ്പോൾ നിങ്ങളുടെ നിഴൽപോലും നിങ്ങൾക്കെതിരാണ്.

ഇതുപറഞ്ഞ് മെല്ലെ തോളിൽ കൈവയ്ക്കുന്നു. കടുത്ത ദുഃഖവും ദേഷ്യവുംവന്ന് രുഗ്മിണി വർമയുടെ കവിളത്ത് കൈവീശി ആഞ്ഞടിക്കുന്നു. വർമ അടിയേറ്റ കവിൾ തടവി രുഗ്മിണിയെ തുറിച്ചുനോക്കി നില്ക്കുന്നു.

ബാലചന്ദ്രമേനോൻ രചനയും സംവിധാനവും നിർവഹിച്ച അച്ചുവേട്ടന്റെ വീട് എന്ന സിനിമയിലെ രണ്ടു രംഗങ്ങളാണു പകർത്തിയിരിക്കുന്നത്. മലയാളസിനിമയിൽ ഒരു വിധവയുടെ ജീവിതവും വർത്തമാനവും അതിജീവനവും ഇത്രത്തോളം ഒതുക്കത്തോടെ ചിത്രീകരിച്ചിരിക്കുന്ന ഒരു സിനിമ മറ്റൊന്നുണ്ടോയെന്നും സംശയമുണ്ട്. സിനിമ കണ്ടിട്ടില്ലാത്തവർക്കും കഥ അറിയാത്തവർക്കുമായി അച്ചുവേട്ടന്റെ വീടിന്റെ കഥ ചുരുക്കിപ്പറയാം: ഭാര്യ രുഗ്മിണിയും രണ്ടു മക്കളും അടങ്ങുന്നതാണ് അച്യുതന്റെ കുടുംബം. സ്വന്തമായി ഒരു വീടുണ്ടാക്കണമെന്നതാണ് അയാളുടെ ഏറ്റവും വലിയ സ്വപ്നം. പെൺമക്കൾക്ക് ഓരോരുത്തർക്കും ഓരോ മുറിയും തങ്ങൾക്കു മറ്റൊരു മുറിയും എന്ന വിധത്തിലുള്ള ഒരു വീടിന്റെ പ്ലാനുമായി അയാൾ നടക്കാൻ തുടങ്ങിയിട്ടു വർഷങ്ങളായി. അങ്ങനെയിരിക്കേ, ഒരു ദിവസം അയാൾ അപ്രതീക്ഷിതമായി മരണമടയുന്നു. വിധവയായ രുക്മിണിയും പെൺമക്കളും നിസ്സഹായരാകുന്നു. ഇത്തരമൊരു ചുറ്റുപാടിൽ തങ്ങളെ സഹായിക്കുമെന്നു പ്രതീക്ഷിക്കുന്ന ഭർത്താവിന്റെ സുഹൃത്തിനെ സമീപിക്കുമ്പോൾ അയാളിൽനിന്ന് രുഗ്മിണിക്കു നേരിടേണ്ടിവരുന്ന ദുരനുഭവമാണ് മുകളിലെഴുതിയത്. മൂത്തമകൾ പ്രണയിച്ചു വിവാഹിതയാവുകയും ഉദ്യോഗസ്ഥയാവുകയും ചെയ്യുന്നതോടെ അവളുടെ മട്ടും ഭാവവും മാറുന്നു. തങ്ങളെ സഹായിക്കാനെത്തുന്ന വിപിൻ എന്ന ചെറുപ്പക്കാരന്റെ പേരിനോടു ചേർത്തു താൻ അപമാനിക്കപ്പെടുമ്പോൾ മുമ്പിലേക്ക് ഒരു പ്രതീക്ഷയുമില്ലാത്ത ഒരു ദുർബലനിമിഷത്തിൽ രുഗ്മിണി ഇളയമകളുമൊത്തു താനും വിഷംകഴിച്ചു മരിക്കാമെന്ന തീരുമാനത്തിലെത്തുന്നു. അങ്ങനെ, വിഷം കുഴച്ച ചോറുരുള മകൾക്കു വാരിക്കൊടുക്കുമ്പോൾ ആ മകൾ പറയുന്ന വാചകമാണ് രുഗ്മിണിയുടെ ജീവിതത്തെ വഴിതിരിച്ചുവിടുന്നത്: "ചേച്ചി അമ്മയെ ഒരുപാടു നോവിച്ചു. പക്ഷേ, ഞാൻ ചേച്ചിയാവില്ലമ്മേ. അമ്മ എന്നെ പഠിപ്പിക്ക്, ഞാൻ അമ്മയെ നോക്കാം."

ആ നിമിഷം രുഗ്മിണിയുടെ കൈയിൽനിന്നു ചോറുരുള താഴെ വീഴുന്നു. അച്ചുവേട്ടന്റെ സ്വപ്നംപോലുള്ള ഒരു വീടു പണിയാൻ തനിക്കാവില്ലെങ്കിലും ജോലി ചെയ്തു കിട്ടുന്ന കാശുകൊണ്ട് ഒരു മുറിയെങ്കിലും പണിയണമെന്നു തീരുമാനിക്കുന്ന രുഗ്മിണിയിലാണു സിനിമ അവസാനിക്കുന്നത്. ഒരു വിധവ അധികം അവകാശവാദങ്ങളില്ലാതെ തന്റെ ജീവിതം തിരിച്ചുപിടിക്കുന്നത് മനോഹരമായി അവതരിപ്പിച്ചിരിക്കുന്ന സിനിമയാണ് അച്ചുവേട്ടന്റെ വീട്. വിധവയാകുകയും സമൂഹം കൈയൊഴിയുകയും ചെയ്യുമ്പോൾ മക്കൾക്കു വിഷം കൊടുത്തു കൊന്ന് ആത്മഹത്യയ്ക്കു ശ്രമിക്കുന്ന നായിക(തുലാഭാരം)മാരെ കണ്ടുമാത്രമേ മലയാളസിനിമയ്ക്ക് ഏറെ പരിചയമുണ്ടായിരുന്നുള്ളൂ. പക്ഷേ, അവിടെനിന്നാണ് ജീവിതം തിരിച്ചുപിടിക്കുന്ന വിധവയെ അച്ചുവേട്ടന്റെ വീട്ടിൽ നാം കണ്ടുമുട്ടുന്നത്. 41-ാം വയസ്സിൽ വിധവയായ അമ്മായിയമ്മ പറഞ്ഞ ജീവിതാനുഭവങ്ങളിൽനിന്നാണ് ഈ സിനിമയുടെ കഥാതന്തു മനസ്സിൽ വീണതെന്ന് തിരക്കഥാകൃത്തു കൂടിയായ ബാലചന്ദ്രമോനോൻ പറയുന്നുണ്ട്. സമൂഹം വിധവകളെ നോക്കിക്കാണുന്ന രീതി ഒരിക്കലും നല്ലതായിരുന്നില്ല. പല തരത്തിലുള്ള ചൂഷണങ്ങൾക്കും അപമാനങ്ങൾക്കും അവൾ ഇരയായിമാറുന്നുണ്ട്. അതിൽ പ്രധാനം ഏറ്റവും അടുത്തവരിൽനിന്നുവരെ നേരിടേണ്ടിവരുന്ന ലൈംഗികചൂഷണമാണ്. ഒരു സ്ത്രീ വിധവയാകുന്നതോടെ അവൾ സമൂഹത്തിന്റെ പൊതുമുതലാണെന്ന മട്ടാണ് പുരുഷന്മാർക്ക്. കമലിന്റെ 'പെരുമഴക്കാലം' വിധവയായ ഗംഗയുടെയും കഴുമരത്തിൽ വിധി കാത്തുനില്ക്കുന്ന ഭർത്താവുള്ള റസിയയുടെയും കഥയാണു പറയുന്നത്. ബ്രാഹ്മണസമൂഹത്തിന്റെ ആചാരങ്ങൾക്കു വിധേയപ്പെട്ടു ജീവിക്കുന്ന ഗംഗയോടു ബന്ധുക്കൾ പെരുമാറുന്ന വിധം ചിത്രത്തിൽ പലയിടത്തും കാണിക്കുന്നുണ്ട്. വർണവസ്ത്രങ്ങൾക്കു നിരോധനം, കുപ്പിവളകൾ പൊട്ടിച്ചെറിയൽ ഇങ്ങനെ പലതിനുംപുറമേ ബന്ധുക്കൾക്ക് ഇഷ്ടമില്ലാത്തതു ചെയ്തതിന്റെ പേരിൽ മറ്റുതരത്തിലുള്ള പല പ്രതികാരനടപടികൾക്കുകൂടി അവൾ വിധേയയാകുന്നുണ്ട്.

സമാന്തരമായി റസിയയുടെ ജീവിതത്തിലൂടെയും കടന്നുപോകേണ്ടതുണ്ട്. അക്ബറിനെ കൊലക്കയറിൽനിന്നു രക്ഷിക്കാൻ ശ്രമിക്കുന്നുവെന്ന വ്യാജേന ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന നജീബ് തക്ക അവസരം വരുമ്പോൾ റസിയയോടു പറയുന്നത് ഉദാഹരണം. "അക്ബറില്ലാണ്ടായാലും മോൾക്കു ജീവിക്കണ്ടേ. കുറച്ചുനാളു കഴിഞ്ഞാൽ എല്ലാം മറന്നല്ലേ പറ്റൂ. അപ്പോ ഒറ്റയ്ക്കാവൂന്ന് വിചാരിക്കണ്ട."

അവളുടെ ചുമലിൽ കൈകൾ വച്ചാണ് അയാൾ തുടർന്നുപറയുന്നത്: "എന്തിനും നജീബ് കൂടെണ്ടാവും. എപ്പളും."

ഇതാണ് വിധവകളെ അല്ലെങ്കിൽ ഭർത്താവില്ലാത്ത സ്ത്രീകളെ സഹായിക്കാൻ സന്നദ്ധരായി വരുന്ന ഒട്ടുമിക്ക പുരുഷന്മാരുടെയും ഉള്ളിലിരുപ്പ്.

അഗ്രഹാരം പുറത്താക്കിയെങ്കിലും ഗംഗ സ്വന്തം ജീവിതത്തെയും വിധിയെയും നേരിടുന്ന വിധത്തിലാണ് സിനിമ അവസാനിക്കുന്നത്. അരിമുറുക്കും മറ്റും സ്വന്തമായുണ്ടാക്കി ജീവിതത്തെ അവൾ സധൈര്യം നേരിടുന്നു. വൈധവ്യത്തോടെ ഒരു സ്ത്രീയുടെയും ജീവിതം അവസാനിക്കുന്നില്ലെന്ന പാഠമാണ് ഈ സിനിമകൾ നല്കുന്ന പ്രചോദനം. വൈധവ്യത്തെ നിരാശാജനകമായും നിഷേധാത്മകമായും സമീപിക്കുന്ന കാഴ്ചപ്പാടാണ് പൊതുവെയുള്ളത്. അതുകൊണ്ടാവാം മലയാളസിനിമയിൽ തലയെടുപ്പോടെ നില്ക്കുന്ന വിധവാകഥാപാത്രങ്ങളൊന്നമില്ലാത്തത്. നിലനില്പിനുള്ള ശ്രമങ്ങളും മറ്റു പുരുഷന്മാരിൽനിന്ന് ഏല്ക്കേണ്ടിവരുന്ന പീഡനങ്ങളും മറ്റുമാണ് പൊതുവെ വിധവകളുടെ ലോകത്തിന്റെ പ്രശ്നമായി ചിത്രീകരിക്കപ്പെടുന്നത്. എന്നാൽ, ഈ പൊതുധാരണകളെ മാറ്റിയെഴുതിക്കൊണ്ടാണ് നീരജ എന്ന സിനിമ കഴിഞ്ഞയാഴ്ച റീലിസായിരിക്കുന്നത്. വിധവയായ ഒരു സ്ത്രീയുടെ പരിഹരിക്കപ്പെടാതെപോകുന്ന ശാരീരികാവശ്യങ്ങളെയാണ് നീരജ ഇവിടെ അഭിസംബോധന ചെയ്യുന്നത്. വൈധവ്യത്തോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകളിൽ മാറ്റം വരേണ്ടിയിരിക്കുന്നു. ഇത്തരമൊരു ലക്ഷ്യത്തോടെയാണ് ജൂൺ 23 ലോക വിധവാദിനമായി ആചരിക്കുന്നത്. നമുക്കു ചുറ്റിനുമുള്ള വിധവകളുടെ ജീവിതത്തിന് ഇത്തിരികൂടി പ്രകാശമേകാൻ നമുക്കോരോരുത്തർക്കും കടമയുണ്ടെന്നു മറക്കാതിരിക്കാം. ■



കവിത — ജോർജുകുട്ടി താവളം

## മഴയോർമ

ചാറ്റൽമഴയതു മെല്ലെയണഞ്ഞു
കാറ്റും പിറകേ വീശിയടിച്ചു
മുറ്റത്തരികിൽ പൂച്ചെടിയെന്നെ
പറ്റിക്കുംപോൽ മാടിവിളിച്ചു.

ചിത്തം നല്ലൊരു കുളിരിൽമുങ്ങി
ഒത്തിരിവർഷം പിന്നോട്ടോടി
എത്തിച്ചേർന്നു സതീർത്ഥ്യർക്കൊപ്പം
പത്തിൽത്താഴെ പ്രായമതപ്പോൾ.

പള്ളിക്കൂടം വിട്ടുവരുമ്പോൾ
തുള്ളിക്കൊരുകുടമായ് മഴപെയ്തു
പിള്ളേർ മഴയത്തോടിച്ചാടി-
ത്തുള്ളിപ്പാട്ടും പാടി നടന്നു.

ജലദോഷം, പനി, തുമ്മലുമൊപ്പം
തലവേദനയും വന്നതിനാലേ
പുലരുംനേരം തലപൊക്കീടാൻ
പലവുരു നോക്കി, നടക്കുന്നില്ല.

ഒട്ടൊരു വിഷമത്തോടന്നമ്മ
പെട്ടെന്നൊരു പ്രതിവിധിയുണ്ടാക്കി
കിട്ടീ ചുക്കും കുരുമുളകെല്ലാ-
മിട്ടൊരു കാപ്പി പലപ്പോഴായി.



Deepanalam Weekly

RNI No : 16998/68
Vol. 56 No. 16 Date of Publication 15 June 2023
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# MAR AUGUSTHINOSE COLLEGE

## Ramapuram Bazar PO, Pala, Kottayam, Kerala - 686 576


Estd. 1995

*Affiliated to M G University Kottayam* U.G.C. [2(f)] Recognized ▲ ISO 9001:2015 Certified ▲ NSDC Training Centre ID:130581

www.maraugusthinosecollege.org Email: principal@mac.edu.in

**Ph: 04822-261440, 8848363148, 8281257911, 9447414876**

**102 RANKS 27 Years**



### UG PROGRAMMES

- **B B A** (2 Batches)
- **B C A** (2 Batches)
- **B Sc.** Electronics
- **B Sc.** Biotechnology
- **B Com.** Model 1 Co-operation - 2 Batches
- **B Com.** Model 1 (Finance & Taxation)
- **B A** English Literature & Communication Studies

### PG PROGRAMMES

- **M Sc.** Computer Science
- **M Sc.** Electronics
- **M Sc.** Biotechnology
- **MSW** (Medical and Psychiatry & Community Development)
- **MA HRM** Human Resource Management
- **M Com.** Finance & Taxation
- **MA** English

16 Value Added Courses • 4 P.G. Diploma Programmes • Add on Programmes • Red Hat Accademy • NISP • NSDC • IIC • IEDC &UBA Partners

**HOSTEL FACILITIES FOR BOYS & GIRLS**

Tally Academy

# MARIAN INSTITUTE OF MEDICAL TECHNOLOGY

## MARIAN MEDICAL CENTRE

**BHARAT SEVAK SAMAJ (BSS) National Development Agency Promoted by Govt of India, New Delhi**

എസ്.എസ്.എൽ.സിയോ അതിലുപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള അവിവാഹിതരായ പെൺകുട്ടികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി 17–35 yrs.

COURSES

1. MEDICAL LABORATORY TECHNICIAN (2 Years)
2. PATIENT CARE (1 Year)
3. OPERATION THEATRE TECHNICIAN (1 Year)
4. DIALYSIS TECHNICIAN (1 Year)
5. BSS DIPLOMA IN NATUROPATHY (1 Year)

പഠനത്തോടൊപ്പം ആശുപത്രിയിൽ പരിശീലനവും ജോലിയും ലഭ്യമാണ്



**CONTACT NO: 9562586747**

**ADMINISTRATOR, MARIAN MEDICAL CENTRE**

**ARUNAPURAM P.O. PIN - 686 574, PALA, KOTTAYAM (DT) KERALA**


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org